III ചെയർമാന്മാരുടെ പാനൽ

മി. സ്പീക്കർ: സർവ്വശ്രീ കെ. ശിവദാസൻ നായർ, കെ.എൻ.എ. ഖാദർ, രാജു എബ്രഹാം എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലേയ്ക്കുള്ള ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

IV റൂളിംഗ്

ചോദ്യങ്ങൾ അനുവദിക്കാത്തത് സംബന്ധിച്ച്

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. എ. കെ. ബാലനും ഇവിടെ ക്രമപ്രശ്നം എഴുതിത്തന്നിട്ടുണ്ട്. ഇന്ന് നിയമസഭയിൽ വന്ന രണ്ടുമൂന്ന് ചോദ്യങ്ങളെ സംബന്ധിച്ചാണ് ക്രമപ്രശ്നം എഴുതിത്തന്നത്. ശ്രീ. എ. കെ. ബാലൻ ചോദ്യോത്തര സമയത്ത് ഇക്കാര്യം ഉന്നയിക്കുകയും ചെയ്തു. നമ്മുടെ നിയമസഭയിൽ ചോദ്യങ്ങൾ അനുവദിക്കുന്നതിന് വ്യക്തമായ ചട്ടങ്ങളുണ്ട്. ആ ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് എപ്പോഴും ചോദ്യങ്ങൾ അനുവദിക്കുന്നത്. ചോദ്യോത്തരങ്ങളെ സംബന്ധിച്ച് വളരെ വ്യക്തമായ നിർദ്ദേശങ്ങൾ വരുന്നത് ചട്ടം 36-ൽ ആണ്. 36 (2) (സി) പ്രകാരം ചോദ്യത്തിൽ വാദങ്ങളോ അഭ്യൂഹങ്ങളോ വ്യാജോക്തികളോ ആരോപണങ്ങളോ വിശേഷണങ്ങളോ അപകീർത്തികരമായ സ്റ്റേറ്റുമെന്റുകളോ ഉണ്ടാകരുതെന്ന് വളരെ വ്യക്തമായി പറയുന്നുണ്ട്. അതുപോലെ 36(2) (ഡി) വകുപ്പുപ്രകാരം അഭിപ്രായ പ്രകടനത്തിനായി ചോദ്യം ചോദിക്കരുതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ നോട്ടീസ് നൽകിയ ചോദ്യം മേൽപ്പറഞ്ഞ വകുപ്പുകളുടെ പരിധിയിൽ വരുന്നതിനാലാണ് അനുമതി നിഷേധിച്ചത്. ബാർ കോഴ കേസുമായി ബന്ധപ്പെട്ട കാര്യത്തിൽ കോടതിയിൽ ഹർജ്ജി നൽകിയതിന്റെ അടിസ്ഥാനത്തിലും 164 സ്റ്റേറ്റ്മെന്റ് കോടതി മുൻപാകെ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലുമാണ് വിജിലൻസ് നടപടി സ്വീകരിച്ചിട്ടുള്ളത്. നിയമസഭാ നടപടി ചട്ടം 36 (2) (റ്റി) പ്രകാരം നീതിന്യായ കോടതിയുടെ പരിഗണനയിലുള്ള വിഷയം സംബന്ധിച്ച് ചോദ്യങ്ങൾ അനുവദിക്കാറില്ല. ആയതിനാലാണ് ബഹുമാനപ്പെട്ട ശ്രീ. എ.കെ. ബാലന്റെ ചോദ്യത്തിന് അനുമതി നിഷേധിച്ചത്.

ശ്രീ. എ. കെ. ബാലൻ: അങ്ങ് എനിക്ക് ഇത് ഉന്നയിക്കാനുള്ള അവസരം തരാമെന്നു പറഞ്ഞിരുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ബാലൻ, അങ്ങ് ഉന്നയിച്ചു, ഞാൻ അതിനെപ്പറ്റി റൂളിംഗും നൽകി. ഇനിയൊരു ഡിസ്കഷനിലേക്ക് പോകുന്നത് ശരിയല്ല. ദയവായി അങ്ങ് തെറ്റായ ഒരു കീഴ്വഴക്കം സൃഷ്ടിക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly